# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 145      13.06.2014-ലെ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളുടെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.മോൻസ് ജോസഫ് | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകൾ വഴി നൽകി വരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ത്രിതല പഞ്ചായത്തുകൾ വഴി ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ്. ഇത് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താനും അവർക്ക് തന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താനും കഴിയുന്നു. പദ്ധതി പ്രവർത്തനം പൂർത്തീകരിച്ചാൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്നും വ്യവസ്ഥയുണ്ട്. 16.11.2013-ലെ സ.ഉ (എം.എസ്)362/13/തസ്വഭവ ഉത്തരവ് പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതും റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ ഈ ഉത്തരവിലൂടെ പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ ക്വാളിറ്റി മോണിറ്റേഴ്സിനെ നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ വാർഡിലെയും വികസന സേവന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സേവാഗ്രാം എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് വഴി നൽകി വരുന്ന വ്യക്തിഗത ആനു കൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി തുക |

ബാങ്ക് വഴി ചെക്കായും, ബാങ്ക് അക്കൗണ്ട് വഴിയുമാണ് നൽകി വരുന്നത്. ജില്ലാ പഞ്ചായത്തുകൾ വഴി നൽകുന്ന ഏതാനും വ്യക്തിഗത ആനുകൂല്യങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമസഭ ലിസ്റ്റിൽ നിന്നും, പത്ര പരസ്യം മുഖേനയും, ക്യാമ്പുകൾ നടത്തിയും തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകുന്നുണ്ട്. ഇപ്രകാരം മുൻഗണനാ ക്രമത്തിൽ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പുവരുത്താറുണ്ട്.

**(ബി)** ത്രിതല പഞ്ചായത്തുകൾ വഴി പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ലഭിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**(ബി)** ത്രിതല പഞ്ചായത്തുകളിൽ കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ നടന്നു വരുന്നുണ്ട്. ആയതിനായി സൂചിക, സുലേഖ, സാംഖ്യ, സചിത്ര, സുഗമ, സഞ്ചയ, സഞ്ചിത, സങ്കേത, സകർമ്മ, സംവേദിത എന്നീ സോഫ്റ്റ്‌വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ പഞ്ചായത്ത് ഓഫീസുകളിൽ വികസിപ്പിക്കുകയും, കമ്പ്യൂട്ടർ ഉപകരണങ്ങളും, ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കിയിട്ടുമുണ്ട്. കമ്പ്യൂട്ടർ സംവിധാനത്തിൽ കാലാനുസൃതമായ പുരോഗതി ഉറപ്പാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. സേവനം കാര്യക്ഷമമാക്കാൻ പൊതുജനങ്ങൾക്ക് സഹായകമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സേവന(സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ്‌വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സേവന (പെൻഷൻ) എന്ന സോഫ്റ്റ്‌വെയറിലൂടെയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ